(എഫ്)ഈ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കിടയിലെ ആശങ്ക ദൂരീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ചകൾ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ഘട്ട ചർച്ച 1.12.1999-ൽ ജലസേചന വകുപ്പ് സെക്രട്ടറി സെക്രട്ടേറിയറ്റിൽ വച്ച് നടത്തുകയുണ്ടായി. അടുത്ത വട്ടം ചർച്ചകൾ എല്ലാ ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് വയനാട്ടിൽ വച്ച് അടുത്തുതന്നെ നടത്താനാണുദ്ദേശിക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ ഒരു വിദഗ്ധ സമിതിയുടെ ആവശ്യകതയെക്കുറിച്ച് ആലോചിച്ചിട്ടില്ല.

21 (187) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നിലേക്കായി 1999 ലെ പുതുക്കിയ നിരക്കുകൾ അനുസരിച്ച് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

22 (188) ശുദ്ധജല ഉപഭോക്താക്കളുടെ കേടായ വാട്ടർ മീറ്ററുകൾ മാറ്റുന്ന നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല ഉപഭോക്താക്കളുടെ കേടായ വാട്ടർ മീറ്ററുകൾ വാട്ടർ അതോറിറ്റിയുടെ ചെലവിൽ മാറ്റി വയ്ക്കാമെന്നും കുടുംബാംഗങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി മാസം തോറുമുള്ള വാട്ടർ ചാർജ് ക്രമീകരിക്കാമെന്നും കേരള ഉപഭോക്തൃ സംരക്ഷണ സമിതി പ്രതിനിധികൾക്ക് 13.4.99-ൽ സർക്കാർ ഉറപ്പു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉറപ്പ് പ്രാവർത്തികമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതുവരെ പ്രാവർത്തികമാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധമായി കേരള ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതായി അറിയുമോ?

ഉത്തരം

(എ) കേരള ഉപഭോക്തൃസംരക്ഷണ സമിതി പ്രതിനിധികളുമായി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി നടത്തിയ യോഗത്തിൽ മുൻഗണനാക്രമത്തിൽ കേടായ വാട്ടർ മീറ്റർ ഉപഭോക്താവിന്റെ ചെലവിൽ മാറ്റിവയ്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly